# തൊഴിലും പ്രാദേശിക സാമ്പത്തിക വികസനവും
## നെടുമ്പന ഗ്രാമപഞ്ചായത്ത്

കശുവണ്ടിയും, ഇഷ്ടിക നിർമ്മാണവും, കൈത്തറിയുമായിരുന്നു നെടുമ്പനയിലെ പ്രധാന തൊഴിൽ മേഖല. 26 കശുവണ്ടി ഫാക്ടറികളിലായി മൂവായിരത്തോളം തൊഴിലാളികൾ ജോലി ചെയ്തിരുന്നു. 76 ഇഷ്ടിക നിർമ്മാണ ഫാക്ടറികളിലായി 1000 ത്തിലധികം തൊഴിലാളികളും ജോലി ചെയ്തിരുന്നു. കശുവണ്ടി മേഖലയിൽ 95% സ്ത്രീകളായിരുന്നു തൊഴിലാളികൾ. ഈ രണ്ടു മേഖലയിലും വലിയ തകർച്ച നേരിടുകയാണ്. കശുവണ്ടിയുടെയും കളിമണ്ണിന്റെയും ലഭ്യതകുറവുമൂലം ഭൂരിപക്ഷം തൊഴിലാളികൾക്കും ജോലി ഇല്ലാതായിരിക്കുകയാണ്. സ്ഥാപനങ്ങളിൽ പോയി ജോലി ചെയ്യാൻ താല്പര്യമില്ലാത്തവരായ സ്ത്രീകളും ഉണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ നൽകാൻ കഴിയുന്ന കേന്ദ്രീകൃത സംരംഭം തുടങ്ങാനുള്ള ചർച്ചകൾ ആരംഭിച്ചത്. വസ്ത്രനിർമ്മാണ മേഖലയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സംരംഭം തുടങ്ങാൻ തീരുമാനിച്ചതും പഞ്ചായത്ത് വക 27 സെന്റ് സ്ഥലത്ത് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുന്നതിനു വിട്ടുനൽകി. പദ്ധതിക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനുള്ള കൂടിയാലോചനകൾ നടത്തി. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും SGSY ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നിന്നും 50 ലക്ഷം, കെട്ടിടം നിർമ്മിക്കുന്നതിന് പരിശീലനം, മെഷിനറി, വൈദ്യുതീകരണം എന്നിവയ്ക്കായി കുടുംബശ്രീ, വ്യവസായവകുപ്പിൽ നിന്ന് 70 ലക്ഷം രൂപയും പഞ്ചായത്ത് ഫണ്ടിൽ നിന്ന് 15 ലക്ഷം രൂപയും ലഭ്യമാക്കി സമഗ്ര അപ്പാരൽ പാർക്ക് എന്ന പേരിൽ ആധുനിക വസ്ത്രനിർമ്മാണ യൂണിറ്റ് സ്ഥാപിച്ചു. ഈ ഘട്ടത്തിൽ തന്നെ താൽപര്യമുള്ള കുടുംബശ്രീ അംഗങ്ങളിൽ നിന്നും അപേക്ഷ വിളിച്ച് 55 സ്ത്രീകളെ തെരഞ്ഞെടുത്തു. 60 ദിവസം നീണ്ടുനിന്ന ആധുനിക പരിശീലനം ആധുനിക വസ്ത്രനിർമ്മാണ യൂണിറ്റിലയച്ച് പരിശീലനം നൽകി. 55 പേരിൽ നിന്നും വിവിധ ഗ്രൂപ്പുകൾ രൂപീകരിച്ചു. അതിൽ നിന്ന് ഒരു കൺസോർഷ്യം രൂപീകരിച്ചു. സഹകരണ ബാങ്കിൽ നിന്നും 20 ലക്ഷം രൂപ പ്രവർത്തന മൂലധനമായി വായ്പയും എടുത്താണ് സംരംഭം ആരംഭിച്ചത്. തുടക്കത്തിൽ വലിയ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. കൊച്ചി മെട്രോ, ലോട്ടറി ജീവനക്കാർ, അംഗൻവാടി ജീവനക്കാർ, ഹരിതകേരളം തുടങ്ങിയവരുടെ യൂണിഫോമുകൾ തയ്ക്കുന്നതിന് വലിയ ഓർഡറുകാണ് ലഭിച്ചത്. 10000 മുതൽ 15000 രൂപ വരെ വേതനം ലഭിച്ചിരുന്നു. സ്വന്തമായി Nap Star എന്ന പേരിൽ ഒരു ഷർട്ടും വിപണിയിലിറക്കിയെങ്കിലും വേണ്ടത്ര ഓർഡർ ലഭ്യമായില്ല. ഇപ്പോൾ വേണ്ടത്ര ജോലി ലഭിക്കാത്തതുമൂലം ചെറിയ പ്രതിസന്ധി നേരിടുന്ന രണ്ടാം ഘട്ട വികസനം എന്ന നിലയിൽ 1.5 കോടി രൂപ ചെലവഴിച്ചു കെട്ടിടം നിർമ്മിച്ചു പുതിയ സാദ്ധ്യതകൾ കണ്ടെത്തി. 3 പുതിയ സംരംഭങ്ങൾ തുടങ്ങാനുള്ള ആലോചനയിലാണ്. കൂടാതെ Diary Paultry, ചിപ്സ് നിർമ്മാണം, ഫുഡ് പ്രോസസിംഗ്, കാറ്ററിംഗ്, സംഘകൃഷി തുടങ്ങിയ മേഖലകളിലായി 500 ലധികം സ്ത്രീകളും ജോലി ചെയ്യുന്നു. എന്നാൽ സംരംഭങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ നിരവധിയാണ്. മാർക്കറ്റിംഗ്, ലേബലിംഗ്, പാക്കിംഗ്, ബ്രാൻഡിംഗ് തുടങ്ങിയതിൽ ആധുനിക സാദ്ധ്യതകൾ കൂടി കണ്ടെത്തി കേന്ദ്രീകൃത സംവിധാനങ്ങൾ ഒരുക്കിയാൽ മാത്രമേ മുന്നോട്ട് പോകാൻ കഴിയൂ. പുതിയ കാലത്ത് സാങ്കേതിക മേഖല

യിലും ഐ.ടി രംഗത്തും നിരവധി സ്ത്രീകൾ കോഴ്സുകൾ പാസ്സായി തൊഴിൽ രഹിതരായി നിൽക്കുകയാണ്. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സാദ്ധ്യതകൾ കണ്ടെത്തുന്നതിനും ആധുനിക പരിശീലനങ്ങൾ നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിച്ചാൽ തൊഴിൽ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയും. ഇന്ന് വൻകിട ഷോപ്പിംഗ് മാളുകളിലും സൂപ്പർമാർക്കറ്റുകളിലും ചെറിയ വേതനത്തിൽ ജോലി ചെയ്യേണ്ട അവസ്ഥയാണ്. പുതിയ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് നിർവ്വഹിക്കാൻ കഴിയും. കുടുംബശ്രീ സംവിധാനവുമായി ചേർന്നു പഞ്ചായത്തിനു ലഭിക്കുന്ന ഫണ്ടുകൾ ഫലപ്രദമായി ആലോചിച്ചു പദ്ധതികൾ രൂപീകരിച്ചാൽ പ്രാദേശിക സാമ്പത്തിക സംവിധാനത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും. നെടുമ്പന ഗ്രാമപഞ്ചായത്ത് നടത്തിയ ചില ഇടപെടലുകളാണ് ഇവിടെ സൂചിപ്പിച്ചത്.

എസ്. നാസറുദ്ദീൻ
മുൻ നെടുമ്പന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്